## പതിമൂന്നാം കേരളനിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.185 — 04.02.2013 ന് മറുപടിയ്ക്ക്.

## <u>സൈലന്റ് വാലിയിലെ സ്വകാര്യ മിനറൽ വാട്ടർ പ്ളാന്റ്</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. കെ. അജിത് | ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) സൈലന്റ് വാലിയിലെ സ്വകാര്യ മിനറൽ വാട്ടർ പ്ളാന്റിന് ഹൈക്കോടതി ഉത്തരവിലൂടെ അനുമതി ലഭിച്ചിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) വനം വകുപ്പ് നിഷേധിച്ച അനുമതി ഹൈക്കോടതി വഴി നേടാൻ ഉണ്ടായ സാഹചര്യം അന്വേഷിച്ചിട്ടുണ്ടോ; | (ബി) പ്ലാന്റിന് പ്രവർത്തനാനുമതി നൽകിയിട്ടില്ല. ടി കമ്പനിയുടെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി പൂർത്തിയാക്കാനുള്ള അനുമതി മാത്രമാണ് ബഹുമാനപ്പെട്ട ഹൈക്കോടതി ഇടക്കാല ഉത്തരവിലൂടെ നൽകിയിട്ടുള്ളത്. |
| (സി) ഇത്തരമൊരു പ്ളാന്റ് വനമേഖലയിൽ വന്നാലുണ്ടാകാവുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | (സി) ഇതു സംബന്ധിച്ച് പരിസ്ഥിതി ആഘാത പഠനങ്ങളൊന്നും വനം വകുപ്പ് നടത്തിയിട്ടില്ലെങ്കിൽ-കൂടിയും ഇത്തരത്തിലുള്ള വ്യാവസായിക അടിസ്ഥാനത്തിലുള്ള ഒരു പ്ലാന്റ് പ്രവർത്തന സജ്ജമാകുമ്പോൾ ഉണ്ടാകാവുന്ന സമീപ പ്രദേശങ്ങളിലെ ജലദൗർലഭ്യം, കരുവാരത്തോടിന് സമീപമായതിനാൽ ജലമലിനീകരണവും അതുമൂലം അടുത്ത് താമസക്കാരായ ആദിവാസികൾക്ക് ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകളും, ഫാക്ടറി മാലിന്യം കരുവാരത്തോട്ടിലേക്ക് തള്ളിയാൽ ഉണ്ടാകാവുന്ന ഭവിഷ്യത്തുകളും, പൊതുവെ ജലദൗർലഭ്യം നേരിടുന്ന അട്ടപ്പാടിയിൽ ഇത്തരത്തിൽ ഒരു പ്ലാന്റ് പ്രവർത്തിച്ചാൽ ഉണ്ടാകാവുന്ന പാരിസ്ഥിതിക പ്രശ്നങ്ങളും വിലയിരുത്തി വനം വകുപ്പ് സമർപ്പിച്ച റിപ്പോർട്ടിന്റെ വെളിച്ചത്തിലാണ് ടി പ്ലാന്റിന്റെ പ്രവർത്തനങ്ങൾ നിർത്തിവെയ്ക്കുവാൻ പാലക്കാട് ജില്ലാ കളക്ടർ ഉത്തരവിട്ടത്. |

(ഡി) ഹൈക്കോടതി നൽകിയ അനുമതി നടപ്പിലാക്കുന്നത് തടയുവാനും വനം വകുപ്പിന് അനുകൂല ഉത്തരവ് നേടാനും എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ ?

(ഡി) ടി കമ്പനിയുടെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി പൂർത്തിയാക്കാനുള്ള അനുമതി മാത്രമാണ് ബഹു. ഹൈക്കോടതി ഇടക്കാല ഉത്തരവിലൂടെ നൽകിയിട്ടുള്ളത്. ആയത് തടയുന്നതിന് നടപടികളൊന്നും വനംവകുപ്പ് സ്വീകരിച്ചിട്ടില്ല. ഈ വിഷയത്തിൽ അഡ്വക്കേറ്റ് ജനറലുമായി ചർച്ച ചെയ്ത് നടപടി സ്വീകരിക്കുവാൻ സൈലൻറ്‌വാലി വൈൽഡ് ലൈഫ് വാർഡന് നിർദ്ദേശം നൽകുന്നതിന് വനംവകുപ്പ് ആസ്ഥാനത്തുനിന്നും നടപടികൾ സ്വീകരിച്ചു വരുന്നതായി റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.